**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2683** **13-02-2024 - ൽ മറുപടിയ്ക്ക്**

**സംരംഭകത്വ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനായി പുതിയ സംരംഭകത്വ വികസന പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പുതിയ സംരംഭകത്വ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അത് വഴി കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനുമായി കേരള വ്യവസായ നയം, 2023 അംഗീകരിച്ച ഉത്തരവായിട്ടുണ്ട്.<br><br>നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ദൃഢമായ ഒരു സംരംഭക ആവാസവ്യവസ്ഥ സംജാതമാക്കുക, ഉത്തരവാദിത്വ നിക്ഷേപങ്ങളേയും സുസ്ഥിര വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത വ്യവസായങ്ങളെ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കുക, പുതുതലമുറ സംരംഭങ്ങൾക്ക് ആവശ്യമായ നൂതന അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, സംരംഭങ്ങളെ പാരിസ്ഥിതിക, സാമൂഹിക, ഭരണ ഘടകങ്ങളിൽ ലോകോത്തര നിലവാരത്തിനനുസരിച്ച് വേണ്ട മാറ്റങ്ങൾ സ്വീകരിക്കുന്നതിന് പ്രാപ്തരാക്കുക, ഉൽപ്പന്നങ്ങൾ 'കേരള ബ്രാൻഡ്' ലേബലിൽ വിപണനം ചെയ്യുന്നതിന് സൗകര്യമൊരുക്കുക, ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവയാണ് പുതിയ വ്യവസായ നയത്തിൽ പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | സംരംഭക വർഷം പദ്ധതിയുടെ തുടർച്ചയായി സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മേഖലയുടെ | (ബി) | ഉണ്ട്. കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുക്കുന്ന 1000 MSME-കളെ നാല് |

| | |
|---|---|
| വികസനത്തിനായി 'മിഷൻ 1000 പദ്ധതി' നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ; | വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷംകോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻപദ്ധതിയായ "മിഷൻ 1000" വിഭാവനം ചെയ്തിട്ടുള്ളത്. വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് എം.എസ്.എം.ഇ-കളെ സ്കെയിൽ അപ്പ് സ്കീമിനായി തിരഞ്ഞെടുക്കുന്നത്. സ്കീം മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.<br><br>തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് ഈ പദ്ധതിയിൽ വിവിധ ആനുകൂല്യങ്ങൾ നൽകുന്നതാണ്:<br><br>1.മൂലധന നിക്ഷേപ സബ്സിഡി 40% വരെ (പരമാവധി 2 കോടിരൂപ)<br><br>2.പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (50 ലക്ഷം രൂപ വരെ)<br><br>3.സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് ഒരുലക്ഷം രൂപ വരെ)<br><br>4.തിരഞ്ഞെടുത്ത ഓരോ സംരംഭത്തിനും അവരുടെ വിവിധ സ്കെയിലിംഗ്-അപ്പ് അനുബന്ധപ്രവർത്തനങ്ങളിൽ അവരെ സഹായിക്കാൻ വ്യവസായവകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥനെ നിയമിക്കും<br><br>സ്കെയിൽ അപ്പ് മിഷനിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് MSME-കൾക്ക് ആവശ്യമായ യോഗ്യതകൾ:<br><br>I.UDYAM രജിസ്ട്രേഷനോടുകൂടി കേരളത്തിൽ രജിസ്റ്റർ ചെയ്തവ ആയിരിക്കണം<br><br>II.31/03/2023 വരെ കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനം പൂർത്തീകരിച്ചിരിക്കണം<br><br>III.ഉത്പാദന മേഖലയിലോ സേവനമേഖലയിലോ ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവ ആയിരിക്കണം<br><br>2023 ഏപ്രിൽ 10 -ന് എം.എസ്.എം.ഇ-കൾക്ക് ഈ പദ്ധതിയിൽ അപേക്ഷിക്കാൻ ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചു (https://mission1000.industry. kerala.gov.in). ആവശ്യമായ യോഗ്യതകൾ ഉള്ള എം.എസ്.എം.ഇ |

യൂണിറ്റുകൾ ഈ ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. സമർപ്പിച്ച അപേക്ഷകളിലെ വിവരങ്ങളുടെ കൃത്യതയും സമർപ്പിച്ച അനുബന്ധരേഖകളും ബന്ധപ്പെട്ട ഐ.ഇ.ഒ, എ.ഡി.ഐ.ഒ, ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർ മുതലായവർ പരിശോധിക്കുകയും, ഇങ്ങനെ പരിശോധിച്ച അപേക്ഷകൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ബന്ധപ്പെട്ട ജനറൽ മാനേജർ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കൈമാറുകയും ചെയ്തു.

തുടർന്ന്, നിക്ഷേപം, വാർഷികവിറ്റുവരവ്, ലാഭം, ശേഷിവിനിയോഗം, കയറ്റുമതി, ജീവനക്കാർ, പ്രമോട്ടർമാരുടെ CIBIL സ്കോർ, മുൻഗണനാ മേഖലയിലുള്ള വ്യവസായങ്ങൾ, ലഭിച്ച സർട്ടിഫിക്കേഷനുകളുടെ വിശദാംശങ്ങൾ തുടങ്ങിയ പോർട്ടലിൽ MSME-കൾ സമർപ്പിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി, ഒരു സ്കോറിംഗ് മാനദണ്ഡം ഉപയോഗിച്ച് എം.എസ്.എം.ഇ-കളെ റാങ്ക് ചെയ്യുകയുമുണ്ടായി.

2023 ഒക്ടോബർ 31 വരെ പോർട്ടലിൽ 500 ലധികം അപേക്ഷകൾ ലഭിച്ചു. അതിൽ 180 അപേക്ഷകൾ ഡയറക്ടറേറ്റ് തലത്തിൽ ലഭിച്ചു. ശേഷിക്കുന്ന അപേക്ഷകൾ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. അനുബന്ധരേഖകളിലെ പൊരുത്തക്കേടുകൾ കാരണം ചില അപേക്ഷകൾ നിരസിക്കുകയും, രേഖകളിലെ കൃത്യത ഉറപ്പുവരുത്തുവാൻ വേണ്ടി ചില അപേക്ഷകൾ തിരിച്ചയക്കുകയും ചെയ്തിട്ടുണ്ട്.

2023 ഡിസംബർ 21 -ന് ചേർന്ന വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന തല അംഗീകാരകമ്മിറ്റിയുടെ (എസ്.എൽ.എ.സി) മുമ്പാകെ കൃത്യമായ പരിശോധനകൾക്കു ശേഷം 152 അപേക്ഷകൾ മിഷൻ 1000 പദ്ധതിയുടെ ആദ്യബാച്ച് തിരഞ്ഞെടുക്കുവാൻ വേണ്ടി സമർപ്പിച്ചു. തുടർന്ന്, 152 അപേക്ഷകളിൽ, 60 മാർക്കോ അതിനു മുകളിൽ മാർക്കോ ലഭിച്ച 88 അപേക്ഷകൾക്ക് എസ്.എൽ.എ.സി മിഷൻ 1000 പദ്ധതിയിലേക്ക് അംഗീകാരം നൽകുകയും സ്കീമിന്റെ ഭാഗമായി വരാൻ പോകുന്ന ഭാവി അപേക്ഷകൾ പരിഗണിക്കുന്നതിന് 60 മാർക്കിന്റെ കട്ട് ഓഫ് സ്കോർ നിശ്ചയിക്കുകയും ഉണ്ടായി.

സ്കെയിൽ അപ്പ് പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ, തിരഞ്ഞെടുക്കപ്പെടുന്ന സംരംഭങ്ങൾ, സംസ്ഥാന സർക്കാർ എംപാനൽ ചെയ്ത ഏതെങ്കിലും

| | | | |
|---|---|---|---|
| | | | കൺസൾട്ടന്റിന്റെ സഹായത്തോടെ സ്കെയിൽ അപ്പിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) ഡി.പി.ആർ തയ്യാറാക്കേണ്ടതുണ്ട്. ഈ ഡി.പി.ആറിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും സ്കെയിൽ അപ്പ് പദ്ധതിയുടെ ഭാഗമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തുന്നത്. മിഷൻ 1000 സ്കീമിന്റെ ഭാഗമായി നിശ്ചയിച്ചിട്ടുള്ള സബ്സിഡികൾക്ക് വേണ്ടി അപേക്ഷിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, അടുത്ത ബാച്ച് അപേക്ഷകൾ സ്വീകരിക്കുന്നതിന് മിഷൻ 1000 ഓൺലൈൻ പോർട്ടൽ 2024 ജനുവരി 4-ന് വീണ്ടും തുറന്നു കൊടുത്തിട്ടുണ്ട്. |
| (സി) | പ്രാദേശിക വ്യാവസായിക ക്ലസ്റ്ററുകൾ രൂപീകരിക്കാനും ഓരോ പഞ്ചായത്തും ഒന്നോ രണ്ടോ ഉൽപ്പന്നങ്ങളിൽ കേന്ദ്രീകരിച്ച് അതുമായി ബന്ധപ്പെട്ട വിഭവങ്ങൾ സമാഹരിച്ച് കൂടുതൽ സംഘടിതമായി സംസ്കരിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വളർച്ചക്ക് പ്രാദേശികമായി ക്ലസ്റ്ററുകൾ രൂപീകരിച്ച് പോതുസേവന കേന്ദ്രങ്ങൾ (CFC) സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര പദ്ധതിയാണ് സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ ക്ലസ്റ്റർ വികസന പദ്ധതി (MSE-CDP). സൂക്ഷ്മ, ചെറുകിട സംരംഭങ്ങളുടെ ശാക്തീകരണമാണ് ക്ലസ്റ്റർ ഡവലപ്മെൻറ് പ്രോഗ്രാം കൊണ്ട് ഉദ്ദേശിക്കുന്നത്. നാളിതു വരെ 16 കോമൺ ഫെസിലിറ്റി സെന്ററുകളുടെ (CFC) പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചു; ഇതിൽ 7,522.45 ലക്ഷം രൂപയുടെ 12 CFC പ്രോജക്ടുകൾ പൂർത്തീകരിച്ച് കമ്മിഷൻ ചെയ്തിട്ടുണ്ട്. കൂടാതെ 4,997.31 ലക്ഷം രൂപയുടെ 4 കോമൺ ഫെസിലിറ്റി സെന്ററുകളുടെ പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്.<br><br>ഇത് കൂടാതെ താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product- OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നല്കുന്നതിനുമുള്ള പദ്ധതി നിലവിലുണ്ട്. ഒരു തദ്ദേശസ്ഥാപനത്തിന് പരമാവധി 50,000 രൂപയാണ് സാമ്പത്തിക സഹായമായി നൽകുന്നത്.<br><br>ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 640 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള ഏജൻസികളുടെ empaneling നടന്നു വരുന്നു. നിലവിലെ മാർഗ നിർദേശങ്ങൾ പ്രകാരം ഒരു തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്ഥാപനതിന് ഒരു ഉത്പ്പന്നം കണ്ടെത്തുന്നതിനും അതുമായി ബന്ധപ്പെട്ട വിഭവങ്ങൾ സമാഹരിച്ച് കൂടുതൽ സംഘടിതമായി സംസ്കരിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുന്നതിനുള്ള DPR തയ്യാറാക്കുന്നതിനുമാണ് വ്യവസായ വകുപ്പ് വഴി സഹായം നൽകുന്നത്. |
| (ഡി) | സംരംഭക വർഷം പദ്ധതിയിലൂടെ നിലവിൽവന്ന സംരംഭങ്ങളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് എം.എസ്.എം.ഇ. ക്ലിനിക്കുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സ്ഥാപിതമായിട്ടുള്ള സംവിധാനം ആണ് എം.എസ്.എം.ഇ ക്ലിനിക്കുകൾ. ഇതിനായി ഓരോ ജില്ലയിലും വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചതും സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കാൻ പ്രാപ്തരായവരുമായ വിദഗ്ദ്ധരുടെ ഒരു പാനൽ രൂപീകരിച്ചിട്ടുണ്ട്. വിവിധ സംശയങ്ങളുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എത്തുന്ന സംരംഭകരെ, സംശയം ദൂരീകരിക്കുന്നതിന് ഏറ്റവും അനുയോജ്യനായ പാനലിസ്റ്റുമായി കൂടിക്കാഴ്ചയ്ക്കും സംശയദൂരീകരണത്തിനും ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തിരം സൗകര്യം ചെയ്തു കൊടുക്കുന്നതാണ്. ഒരു പാനലിസ്റ്റിന്റെ സേവനം തൃപ്തികരമല്ലെങ്കിൽ അതെ വിഷയത്തിലെ മറ്റൊരു പാനലിസ്റ്റുമായി സംവദിക്കാനുള്ള അവസരം സംരംഭകന് ഉണ്ടായിരിക്കുന്നതാണ്. ബാങ്കിങ്, ലൈസൻസുകളും അനുമതികളും, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, കയറ്റുമതി, ജി.എസ്.ടി, നിയമം, മാർക്കറ്റിങ്ങ്, സാങ്കേതിക വിദ്യ എന്നീ വിഷയങ്ങളിലായാണ് നിലവിൽ പാനൽ രൂപീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ